# സമരങ്ങളിലൂടെ

## എരയാംകുടി

### സമരം ഒത്തുതീർന്നു

മണ്ണെടുക്കൽ നിശ്ചിത കാലയളവിനുള്ളിൽ നിർത്തുമെന്നും പിന്നീട് അനുമതി നല്കില്ലെന്നുമുള്ള ഉറപ്പുകളുടെ അടിസ്ഥാനത്തിൽ എരയാംകുടിയിലെ കർഷകർ നിരാഹാരസമരം അവസാനിപ്പിച്ചു. യോഗ്യമായ എല്ലാ സ്ഥലവും കൃഷി ചെയ്യുമെന്ന അധികൃതരുടെ ഉറപ്പ് 102 ദിവസം നീണ്ടുനിന്ന സമരത്തിന്റെ വിജയമായിത്തന്നെ കരുതാം. കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ സമരക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടെങ്കിലും പല ഇഷ്ടിക കളങ്ങളിലും തുടർന്നുള്ള ദിവസങ്ങളിൽ മണ്ണെടുപ്പ് നടക്കുകയുണ്ടായി. കൃഷിയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനായി നടന്ന ഈ സമരത്തിന്റെ വിജയം ജനകീയ മുന്നേറ്റങ്ങൾക്കുള്ള അംഗീകാരമായി കരുതാനാകുമെങ്കിലും ജനാധിപത്യ രാഷ്ട്രീയത്തെ തകർക്കുന്ന രാഷ്ട്രീയ/മാഫിയ കൂട്ടുകെട്ടുകളും അധികാരത്തിലെ പണത്തിന്റെ സ്വാധീനവും എരയാംകുടി പാടങ്ങളിലേക്ക് വീണ്ടും കാപട്യങ്ങളുമായി കടന്നെത്താനുള്ള സാധ്യത തള്ളിക്കളയാനാകില്ല. ജാഗ്രത.

*ബന്ധങ്ങൾക്ക് : ജയശ്രീ, 9947143580*

## മുരിയാട്

### സമരം രണ്ടാം ഘട്ടത്തിലേക്ക്

കർഷകമുന്നേറ്റം നടത്തിവന്ന സമരം സർക്കാരുമായി ഒത്തുതീർന്നെങ്കിലും കൃഷി ചെയ്യാനുള്ള സാഹചര്യവും സൗകര്യങ്ങളും പൂർണ്ണമായതോതിൽ ലഭിക്കാത്തതിനാൽ കർഷകർ വീണ്ടും സമരത്തിലേക്ക് നീങ്ങുന്നു. ഇഷ്ടികക്കളങ്ങളിൽ പലതിലും മണ്ണെടുപ്പ് ഇപ്പോഴും തുടരുകയാണ്. പാടങ്ങളിലെ വെള്ളക്കെട്ട് മാറുന്നതിനുള്ള നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടില്ല. വാഗ്ദാനങ്ങൾ പലതും പാഴായി. സമരം രണ്ടാംഘട്ടം ആരംഭിച്ചിരിക്കുന്നു.

*ബന്ധങ്ങൾക്ക് :*
*വർഗ്ഗീസ് തൊടുപറമ്പിൽ, 9495169930*

## വെളിച്ചിക്കാല

ഓർക്കം ക്ലേ ഫാക്ടറി അനധികൃതമായി നടത്തിവരുന്ന മണ്ണെടുപ്പിനെതിരെയുള്ള സമരം 1000 ദിവസങ്ങൾ പിന്നിട്ടു. തുടരുന്നു.

*ബന്ധങ്ങൾക്ക് : ബാബുജി, 9495055581*

## അതിരപ്പിള്ളി

### സത്യാഗ്രഹസമരം തുടരുന്നു

കുതന്ത്രങ്ങൾ മെനഞ്ഞ് കെ.എസ്.ഇ.ബി.യും സർവ്വസന്നാഹങ്ങളുമായി മന്ത്രി ബാലനും അണക്കെട്ട് കെട്ടാനുള്ള അടവുകളെല്ലാം പയറ്റുകയാണ്. അതിരപ്പിള്ളിയിൽ ആക്ഷൻ കൗൺസിലിന്റെയും ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റെയും നേതൃത്വത്തിൽ സത്യാഗ്രഹസമരം നടന്നുവരുന്നു. ഡാമിനെതിരെ നിരവധി ജനകീയ/രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സത്യാഗ്രഹത്തിന് പിന്തുണമായെത്തുന്നുണ്ട്. അതിരപ്പിള്ളിയിൽ മുഴങ്ങി കേൾക്കുന്ന ചില മുദ്രാവാക്യങ്ങൾ:

അണക്കെട്ടുകൾ കെട്ടിപ്പൊക്കുവാൻ
പണക്കെട്ടുകൾ വാങ്ങുന്നവരെ
നിങ്ങള് കെട്ടും കെട്ടുകളെല്ലാം
പൊട്ടിപ്പോകും കാട്ടായം
പലിശ കാശിന് വകമുട്ടാത്ത
അതിരപ്പിള്ളി പദ്ധതി വേണ്ടേവേണ്ട

***

അതിരപ്പിള്ളി പദ്ധതി വന്നാൽ
കോഴക്കാർക്ക് കോടികൾകിട്ടും
അതിരപ്പിള്ളി പദ്ധതി വന്നാൽ
കോടികൾ കുടിവെള്ളത്തിന് മുട്ടും

*ബന്ധങ്ങൾക്ക് :*
*എസ്.പി. രവി, 9249898773*
*എം. മോഹൻദാസ്, 9895977769*

## ചെങ്ങറ

### സമരത്തിനെതിരെ സി.പി.ഐ.(എം)

സാധുജന വിമോചന സംയുക്ത വേദിയുടെ മുൻകയ്യിൽ ചെങ്ങറയിൽ ഭൂമിക്കുവേണ്ടിയുള്ള സമരം ശക്തമായി തുടരുമ്പോൾ ഭൂസമരത്തെ കേരള ജനത തള്ളിപ്പറയണമെന്ന് തെറ്റായി ഈ സമരത്തോട് യോജിക്കാൻ ആർക്കും കഴിയില്ലെന്നും ഇടതുമുന്നണി നേതൃത്വയോഗം 'തീരുമാനിച്ചു.'

ആദിവാസികളും ദളിതരും മറ്റ് പിന്നോക്ക വിഭാഗങ്ങളും ഉൾപ്പെടുന്ന ഭൂരഹിതർ വർഷങ്ങളായി നേരിടുന്ന അനീതിക്കെതിരെ സംഘടിതമായി സമരം ചെയ്യുമ്പോൾ ഭരണമുന്നണി അതിനെ പരസ്യമായി തള്ളിപ്പറയുകയാണ്. കേരളത്തിലെ പൊതുസമൂഹത്തിന്റെ ശ്രദ്ധയും പിന്തുണയും ഭൂരഹിതർക്ക് കിട്ടുമ്പോൾ ഇടതുമുന്നണിയുടെ പങ്കില്ലാത്ത ഈ സമരത്തോട് അസഹിഷ്ണുതയോടെ കടുത്ത ഫാസിസ്റ്റ് നിലപാടെടുക്കുന്ന രീതിയിലേക്ക്, ജനവിരുദ്ധതയിലേക്ക് സി.പി.ഐ.(എം) സർക്കാർ മാറുകയാണ്. പുതിയൊരു അടിസ്ഥാന രാഷ്ട്രീയം ഉയർന്നുവരുമ്പോൾ ജനാധിപത്യബോധമുള്ള പൊതുസമൂഹം ഇരകളുടെ ഈ സമരത്തെ എല്ലാവിധത്തിലും പിന്തുണയ്ക്കേണ്ടതുണ്ട്.

*ബന്ധങ്ങൾക്ക് :*
*ളാഹ ഗോപാലൻ, 9249101709*

### പ്ലാച്ചിമട സമരം ശക്തിപ്പെടുന്നു

ഏപ്രിൽ 22 ഭൂമിദിനത്തിൽ പ്ലാച്ചിമട സമരം ഏഴാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. നഷ്ടപരിഹാരം നല്കി കമ്പനി അടച്ചുപൂട്ടുകയും പ്ലാച്ചിമടകൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാനും അടുത്തഘട്ടം സമരം ആരംഭിക്കുന്നു.

*ബന്ധങ്ങൾക്ക് : വിളയോടി വേണുഗോപാൽ, 9946373475, ജോൺസൺ, 9447019546*

കാർട്ടൂൺ — വി.എസ്. ഗിരീശൻ

